**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2584** **21-01-2021 - ൽ മറുപടിയ്ക്ക്**

**റാന്നി ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. രാജു എബ്രഹാം** | | **Shri. Kadakampally Surendran (സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** | |
| (എ) | റാന്നിക്ക് അനുവദിച്ച ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ഇനിയും ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ പ്രവർത്തനം വൈകുന്നതിന്റെ കാരണം വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡി.റ്റി.പി.സി.യുടെ ഉടമസ്ഥതയിലുള്ള വടശ്ശേരിക്കരയിലെ താൽക്കാലിക കെട്ടിടത്തിൽ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പത്തനംതിട്ട ശാഖ ആരംഭിക്കുന്നതിന് അനുമതി തേടി സർക്കാരിൽ ലഭ്യമായ പ്രൊപ്പോസൽ, സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ അധിക ബാധ്യതകൾ ഏറ്റെടുക്കാൻ നിർവ്വാഹമില്ലാത്തതിനാൽ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പുനഃസമർപ്പിക്കുവാൻ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (ബി) | ഡി.റ്റി.പി.സി. ഉടമസ്ഥതയിലുള്ള വടശ്ശേരിക്കരയിലെ കെട്ടിടത്തിൽ താത്ക്കാലിക കെട്ടിട സൗകര്യം ലഭ്യമായിട്ടുണ്ടോ; | (ബി) | ലഭ്യമായിട്ടുണ്ട് |
| (സി) | ചെറുകോൽ ഗ്രാമപഞ്ചായത്ത് ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനായി സൗജന്യമായി വിട്ടുനൽകിയ ഭൂമി ഏറ്റെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് ഏറ്റെടുക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ? | (സി) | ഏറ്റെടുത്തിട്ടില്ല. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ട് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിനുള്ള പ്രൊപ്പോസൽ അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമെ ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ